## പതിമൂന്നാം കേരള നിയമസഭ

### പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 351 — 14.07.15 ൽ മറുപടിയ്ക്ക്

**കുന്നുകൾ ഇടിച്ചു നിരത്തൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീമതി.ജമീലാ പ്രകാശം<br>ശ്രീ.മാത്യു റ്റി.തോമസ്<br>,, ജോസ് തെറ്റയിൽ<br>,, സി.കെ.നാണു | | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| (എ) | കെട്ടിടനിർമ്മാണത്തിനും മറ്റും മണ്ണെടുക്കുന്നതിനുള്ള നിബന്ധനയിൽ നൽകിയ ഇളവിന്റെ മറവിൽ കുന്നുകൾ ഇടിച്ചു നിരത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | 2015-ലെ കേരള മൈനർ മിനറൽ കൺസെഷൻസ് ചട്ടം 14 അനുസരിച്ച് താമസാവശ്യത്തിനുള്ള ഫ്ളാറ്റുകൾ ഉൾപ്പെടെയുള്ള കെട്ടിടങ്ങൾ, 300 ച.മീ. വരെ തറ വിസ്തൃതിയുള്ള വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിങ്ങൾ എന്നിവയുടെ നിർമ്മാണത്തിന് ബന്ധപ്പെട്ട തദ്ദേശസ്വയം ഭരണ സ്ഥാപനത്തിൽ നിന്ന് ബിൽഡിംഗ് പെർമിറ്റ് കരസ്ഥമാക്കിയിട്ടുണ്ടെങ്കിൽ സാധരണ മണ്ണ് എടുക്കുന്നതിന് പെർമിറ്റ് എടുക്കേണ്ടതില്ല. എന്നാൽ ഇത്തരം നിർമ്മാണങ്ങൾ നടക്കുന്ന സ്ഥലത്ത് നിന്നും മണ്ണ് മറ്റൊരു സ്ഥലത്തേയ്ക്ക് കൊണ്ടു പോകണമെങ്കിൽ റോയൽറ്റി അടച്ച് മിനറൽ ട്രാൻസിറ്റ് പാസ്സ് ജില്ലാ ജിയോളജിസ്റ്റുമാരിൽ നിന്നും വാങ്ങണം എന്ന നിബന്ധനയും ചട്ടത്തിൽ നിലവിലുണ്ട്. എന്നാൽ ഫ്ലാറ്റുകൾ ഒഴികെയുള്ള വ്യക്തിഗത ഗൃഹനിർമ്മാണങ്ങൾക്ക് മണ്ണെടുക്കുന്നതിന് മുൻകൂർ പാരിസ്ഥിതികാനുമതി വേണമെന്ന നിബന്ധന ഒഴിവാക്കി പരിസ്ഥിതി വകുപ്പ് 15.11.14-ൽ പുറപ്പെടുവിച്ച സ.ഉ. (കൈ) 12/14/പരി നമ്പർ ഉത്തരവിന്റെ മറവിൽ കുന്നുകൾ ഇടിച്ചു നിരത്തുന്നുവെന്ന് പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിരുന്നു. പ്രസ്തുത ഉത്തരവ് ദേശീയ ഹരിത ട്രിബ്യൂണലിന്റെ തെക്കൻ മേഖല ബെഞ്ച് സ്റ്റേ ചെയ്തിരിക്കുകയാണ്. ആയതിനാൽ നിലവിൽ മണ്ണ് മാറ്റേണ്ടി വരുന്ന എല്ലാവിധ പ്രവർത്തനങ്ങൾക്കും മുൻകൂർ പാരിസ്ഥിതികാനുമതി ആവശ്യമാണ്. |

| | | | |
|---|---|---|---|
| (ബി) | ഇതുമൂലം റോയൽറ്റി ഇനത്തിൽ ഉണ്ടാകുന്ന നഷ്ടം കണക്കാക്കിയിട്ടുണ്ടോ ; | (ബി) | കെട്ടിട നിർമ്മാണത്തിന് അനുവദിച്ച ഇളവുകളുടെ മറവിൽ ചട്ടം ദുരുപയോഗം ചെയ്താലോ അനധികൃതമായി ഖനനം ചെയ്താലോ സാധാരണ മണ്ണിന്റെ അളവ് തിട്ടപ്പെടുത്തി നോട്ടീസ് നൽകി പിഴ അടപ്പിച്ചുവരുന്നു. പിഴയടയ്ക്കാത്തവർക്കെതിരെ 2015 കേരള മൈനർ മിനറൽ കൺസെഷൻസ് ചട്ടങ്ങൾ അനുസരിച്ച് റവന്യൂ റിക്കവറി അടക്കമുള്ള നിയമ നടപടികളും ജില്ലാ ജിയോളജിസ്റ്റുമാർ സ്വീകരിച്ചുവരുന്നു. |
| (സി) | വ്യാപകമായി കുന്ന് ഇടിച്ച് നിരത്തുന്നതുമൂലം ഉണ്ടാകുന്ന ശുദ്ധജല ക്ഷാമവും മറ്റു പാരിസ്ഥിതിക പ്രശ്നങ്ങളും തടയുന്നതിനായി നടപടി സ്വീകരിക്കുമോ ? | (സി) | വ്യാപകമായി കുന്നുകൾ ഇടിച്ചു നീക്കുന്നതിന് ഇടനൽകുംവിധം പെർമിറ്റുകൾ അനുവദിക്കാറില്ല. വലിയ തോതിൽ മണ്ണ് മാറ്റുന്നതിനു മുൻകൂർ പാരിസ്ഥിതികാനുമതി നിർബന്ധമാണ്. പാരിസ്ഥിതിക ശോഷണം തടയുന്നതിനാണ് ഇത്തരം നിബന്ധന വച്ചത്. ദേശീയ ഹരിത ട്രൈബ്യൂണലിന്റെ ഇടക്കാല ഉത്തരവോടെ ചെറിയ തോതിൽ മണ്ണ് മാറ്റേണ്ടി വരുന്നവ ഉൾപ്പടെ എല്ലാവിധ പ്രവർത്തനങ്ങൾക്കും മുൻകൂർ പാരിസ്ഥി തികാനുമതി ആവശ്യമാണ്. |

**സെക്ഷൻ ഓഫീസർ**